പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2371 12.02.2020 ലെ മറുപടിക്ക്

## പച്ചത്തൊണ്ട് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ജോയി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) പച്ചത്തൊണ്ട് സംഭരിക്കുന്നതിനായി കൺസോർഷ്യം രൂപീകരിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വിശദമാക്കാമോ; | എ) കയർ മേഖലയിലെ രണ്ടാം പുന:സംഘടനയുടെ ഭാഗമായി തൊണ്ട് സംഭരണം, സാങ്കേതിക വിദ്യയുടെ ഉറവിടം, ഉല്പന്നങ്ങളുടെ വിറ്റഴിവ്, പങ്കാളികളുടെ കാര്യക്ഷമത തുടങ്ങി കയർ സഹകരണ സംഘങ്ങളിൽ ഡി.എഫ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായുള്ള അനുബന്ധ പ്രവർത്തനങ്ങൾക്കുമായി വൈക്കം കയർ കൺസോർഷ്യം കേരളം മുഴുവൻ പ്രവർത്തനപരിധിയായി രൂപീകരിച്ചു ചേർത്തല, ആലപ്പുഴ, വൈക്കം എന്നീ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ഡി.എഫ് സംഘങ്ങൾക്കാണ് വൈക്കം കയർ കൺസോർഷ്യം തൊണ്ട് നൽകി വരുന്നത്. കൺസോർഷ്യം നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. |
| ബി) പൈതൃക ഇനമായ അഞ്ചുതെങ്ങ് കയറിനു പ്രത്യേക പരിഗണന നൽകി ഇവ ഉത്പാദിപ്പിക്കുന്ന സംഘങ്ങളെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; ആയതു വിശദമാക്കാമോ? | ബി) ചിറയിൻകീഴ് പ്രോജക്ടിലെ വർക്കല, കടയ്ക്കാവൂർ സർക്കിളുകളിലെ സംഘങ്ങളാണ് പ്രധാനമായും അഞ്ചുതെങ്ങ് മേഖലയിൽ വരുന്നത്. ഇവിടെ അഴുക്കൽ തൊണ്ടിന്റെ ചകിരി ഉപയോഗിച്ച് അഞ്ചുതെങ്ങ്, വെട്ടൂർ എന്നീ മേൽത്തരം കയറുകളാണ് ഉല്പാദിപ്പിക്കുന്നത്. കേരളത്തിൽ റാട്ടുകൾ ഉപയോഗിച്ച് പിരിക്കുന്ന കയറുകളിൽ ഏറ്റവും ഉയർന്ന നിലവാരം പുലർത്തുന്ന കയറാണ് അഞ്ചുതെങ്ങ് കയർ. ഇതിൽതന്നെ ഏറ്റവും കനം കുറഞ്ഞ തരത്തിൽ പിരിച്ചെടുക്കുന്ന കയറിനെ "വെട്ടൂർതിന്" എന്നും പറയുന്നു. ഈ കയറുകൾക്ക് താരതമ്യേന ഉയർന്ന വിലയാണ് കയർഫെഡിലും പൊതുവിപണിയിലും ലഭിക്കുന്നത്. ഫ്ളോർ കവറിംഗുകൾ, മാറ്റിംഗുകൾ, റഗ്ഗ്, കാർപ്പെറ്റ് ഇവ ഉല്പാദിപ്പിക്കുന്നതിനും കാർഷിക രംഗത്ത് ഹോപ്പ് കൾട്ടിവേഷനിലും ഇത് ഉപയോഗിക്കുന്നുണ്ട്. എന്നാൽ കൃത്രിമനാരുകളുടെ |

| | |
|---|---|
| | കടന്നുകയറ്റം പ്രധാനമായും ഈ വിഭാഗം കയറുകളുടെ ആഭ്യന്തര വിദേശവിപണിയെ ബാധിച്ചിട്ടുണ്ട്. ഈ കയറുകൾ ഉല്പാദിപ്പിക്കുന്നതിന് അഴുകൽ തൊണ്ടിൽ നിന്നുമുള്ള ചകിരി ആവശ്യമായതിനാൽ ചകിരിവില പച്ചതൊണ്ടിൽ നിന്നുള്ള ചകിരിയേക്കാൾ ഇരട്ടിയിൽ അധികം ആകുന്നുണ്ട്. കൂടാതെ തൊണ്ട് അഴുക്കലിന് പാരിസ്ഥിതികമായ പ്രശ്നങ്ങൾ ഉള്ളതിനാൽ മുൻകാലങ്ങളിലേ പോലെ വ്യാപകമായി കായലിൽ തൊണ്ട് പൂഴ്ത്തുന്നതിന് സാധിക്കുന്നില്ല അതോടൊപ്പം തൊണ്ട് ലഭിക്കുന്നതിന് നേരിടുന്ന പ്രയാസം ഈ മേഖലയിൽ അഞ്ചുതെങ്ങ്, വെട്ടൂർ കയറുകളുടെ ഉല്പാദനം കുറഞ്ഞുവരുന്നുണ്ട്. കണക്കുകൾ പരിശോധിക്കുമ്പോൾ അഞ്ചുതെങ്ങ് കയറിന്റെ ഉല്പാദനം വളരെ കുറഞ്ഞ അളവിലാണ്. ആയതിനാൽ ഈ കയറിനെ പൈതൃക ഇനങ്ങളുടെ പട്ടികയിൽ പ്രത്യേക പരിഗണന നൽകി സംരക്ഷിക്കുന്നതാണ്.<br>ഈ മേഖലയിലെ കയർ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് സാധ്യമായതെല്ലാം ചെയ്യാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകളിൽ പരിശീലനം നൽകി വൈക്കം കയർ ഉൾപ്പെടെയുള്ള കയറുകൾ പച്ചതൊണ്ടിന്റെ ചകിരിയിൽ നിന്നും ഉല്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പരമ്പരാഗതമായി അഴുകൽ തൊണ്ടിന്റെ ചകിരിയിൽ നിന്നും കയർ പിരിച്ചുവന്ന തൊഴിലാളികൾ പച്ചതൊണ്ടിൽ നിന്നുള്ള ചകിരി ഉപയോഗിച്ച് കയർ പിരിക്കുന്നതിന് വിസമ്മതം പ്രകടിപ്പിക്കുന്നുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിൽ നിന്നും സംഭരിക്കുന്ന തൊണ്ടുപയോഗിച്ചാണ് കയറുല്പാദനം നടക്കുന്നത്. ഇതിനായി താഴെപ്പറയുന്ന മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നത്. വിഴിഞ്ഞം, പൂവാർ എന്നീ പ്രദേശങ്ങളിൽ നിന്നുള്ള തൊണ്ട് കച്ചവടക്കാരിൽ നിന്നും കൂടാതെ പ്രാദേശികമായി സംഘങ്ങൾ നേരിട്ടും തൊണ്ട് സംഭരിക്കുന്നു. നാട്ടിൻപുറത്തെ ചെറിയ കടകളിൽ നാളികേരം വിൽക്കുമ്പോൾ ലഭ്യമാകുന്ന തൊണ്ട് സംഭരിക്കരിക്കുന്നതിനുള്ള നടപടികൾ സംഘങ്ങൾ വഴി പ്രോജക്ട് ഓഫീസിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി പ്രതിദിനം 5000 തൊണ്ട് വരെ സംഭരിക്കാൻ കഴിയുന്നു. തൊണ്ട് സംഭരിക്കുന്നതിന് ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി കയർ സഹകരണ സംഘങ്ങളുടെ യോഗം രണ്ടുതവണ ചേരുകയും |

| | |
|---|---|
| | ബൈലാ തയ്യാറാക്കി രജിസ്ട്രേഷനുള്ള നടപടി തുടങ്ങുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കുടുംബശ്രീ, നാളികേര ഉല്പാദന സൊസൈറ്റികൾ എന്നിവ വഴി തൊണ്ട് സംഭരിക്കുന്നതിനും പ്രോജക്ട് ഓഫീസ് തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിനാവശ്യമായ പരിശീലനവും സാങ്കേതികവിദ്യാ വിന്യാസവും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ